# വിജ്ഞാപനം

വിഷയം - 2024 -25 വർഷത്തെ ബി.ഫാം കോഴ്സ് പ്രവേശനത്തിനായുള്ള സ്പോട്ട് അഡ്മിഷൻ നടത്തുന്നതു സംബന്ധിച്ച്.

സൂചന – 16/11/2024 തീയ്യതിയിലെ DME/1/2024-B1 നമ്പർ വിജ്ഞാപനം

2024 - 25 വർഷത്തെ ബി.ഫാം കോഴ്സ് പ്രവേശനത്തിനായി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ഒഴിവുള്ള 2 സീറ്റിലേക്ക് (MU - 1, SM -1) 2024 നവംബർ 23 ശനിയാഴ്ച രാവിലെ 11 മണിക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കേരള പ്രവേശനപരീക്ഷ കമ്മീഷണർ, തിരുവനന്തപുരം, പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് പട്ടികയിൽ നിന്നുമാണ് അഡ്മിഷൻ നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ രേഖകൾ, അസ്സൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, ഡാറ്റാ ഷീറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവയുമായി രാവിലെ 11 മണിക്ക് മുൻപ് കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകുന്ന വിദ്യാർത്ഥികളെ മാത്രമെ പ്രസ്തുത ഒഴിവുകളിലേക്ക് പരിഗണിക്കുകയുള്ളു. MU വിഭാഗത്തിൽ ഒഴിവ് വന്നാൽ അത് സ്റ്റേറ്റ് മെറിറ്റ് വിഭാഗത്തിലേക്ക് മാറ്റുന്നതാണ്. സ്പോട്ട് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ ഫീസ് അടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം തേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അഡ്മിഷൻ റദ്ദാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0497-2882356 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

പരിയാരം
21/11/2024

GOVERNMENT MEDICAL COLLEGE KANNUR

21/11/24

**പ്രിൻസിപ്പാൾ**
**കണ്ണൂർ ഗവ. മെഡിക്കൽ കോളേജ്**